# നീര: പുതിയ സാങ്കേതിക വിദ്യയുമായി സിപിസിആർഐ

കാസർകോട് > നീര ഉൽപാദനത്തിൽ പുതിയ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്ത് സിപിസിആർഐ. തെങ്ങിൽനിന്ന് ചെത്തിയെടുക്കുന്ന നീര പുളിച്ചുപോകാതെ നേരിട്ട് ഉപയോഗിക്കാൻ കഴിയുന്ന സംവിധാനമാണിത്. പുതിയ സാങ്കേതിക വിദ്യപ്രകാരം തയ്യാറാക്കിയ നീരയും സിപിസിആർഐ ചൊവ്വാഴ്ച പുറത്തിറക്കി.

നീര ഉൽപാദനത്തിന് സിപിസിആർഐ നേരത്തെ സാങ്കേതികവിദ്യ വികസിപ്പിച്ചിരുന്നു. ഇതിൽ ചെറിയ മാറ്റം വരുത്തിയാണ് പുതിയ സംവിധാനം. 10,000 രൂപയാണ് നിരക്ക്. കർഷകരുടെ ആവശ്യപ്രകാരം നിരക്ക് പുനഃപരിശോധിക്കുമെന്ന് സിപിസിആർഐ ഡയറക്ടർ ഡോ. പി ചൗഡപ്പ പറഞ്ഞു.

പ്രത്യേകം തയ്യാറാക്കിയ പെട്ടി ഐസ് നിറച്ച് തെങ്ങിൻകുലയിൽവച്ചാണ് നീര എടുക്കുന്നത്. ഇതുവഴി പോഷകസമൃദ്ധമായ നീര ഉൽപ്പാദിപ്പിക്കാനാകും. കോക്കനട്ട് ഷുഗർ ഉൽപാദിപ്പിക്കാൻ കഴിയുന്നതായിരിക്കും ഇത്. സാങ്കേതികവിദ്യ കൈമാറാൻ ഹൈദരാബാദ്, തമിഴ്നാട് എന്നിവിടങ്ങളിലെ രണ്ട് കമ്പനികളുമായി ധാരണാപത്രം ഒപ്പിട്ടു.